**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 17 | 11.06.2012-ൽ മറുപടിയ്ക്ക്

**<u>സൈബർ കുറ്റകൃത്യങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ; | (എ) | സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിലും, നിർദ്ദേശത്തിലും ഒരു DySP-യുടെ നേതൃത്വത്തിൽ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ തിരുവനന്തപുരം പട്ടം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. കേരള പോലീസ് സേനയിൽ സൈബർ ഫോറൻസിക്സിൽ പരിശീലനം ലഭിച്ചവരെ സൈബർ പോലീസ് സ്റ്റേഷനിലും പോലീസ് ഹൈടെക് ക്രൈം എൻക്വയറി സെല്ലിലും ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സൈബർ സെല്ലുകളിലും നിയമിച്ചിട്ടുണ്ട്. ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന സൈബർ കേസുകൾക്ക് ജില്ലാ സൈബർ സെല്ലുകൾ സാങ്കേതിക സഹായം ചെയ്തു വരുന്നു. സങ്കീർണ്ണവും, സാങ്കേതിക വിദ്യ കൂടുതലായി ആവശ്യമുള്ളതുമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഓൺ ലൈൻ ബാങ്കിംഗ് സൗകര്യം മുതലെടുത്ത് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പണം തട്ടുന്ന സംഘങ്ങൾ സംസ്ഥാന ത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള 39 കേസ്സുകൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |

.........2

| | | | |
|---|---|---|---|
| (സി) | സമ്മാനങ്ങളുടെ പേരിൽ, സാധാരണക്കാരുടെ അജ്ഞത മുതലെടുത്ത് , ഇന്റർനെറ്റ്, മൊബൈൽ എന്നിവ വഴിയുള്ള തട്ടിപ്പുകൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ | (സി) | ഇത്തരം തട്ടിപ്പുകൾ തടയുന്നതിനും, ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രീ പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയകേന്ദ്രങ്ങൾ, ഗവണ്മെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ മുഖേന സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | മേല്പറഞ്ഞ തട്ടിപ്പുകൾ തടയാൻ ബന്ധപ്പെട്ട സാങ്കേതിക വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ CERT (Computer Emergency Response Team)-ന്റെ സഹകരണത്തോടെ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ.